**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **13-09-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ജീവിതശൈലീരോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്കും, കൗമാരക്കാർക്കും, വിദ്യാർത്ഥികൾക്കും, ആരോഗ്യ ബോധവത്ക്കരണം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആരോഗ്യബോധവത്ക്കരണം ആണ് പ്രധാനമായും ടെലിവിഷൻ, സിനിമ, പത്ര മാധ്യമങ്ങൾ, അച്ചടി മാധ്യമങ്ങൾ എന്നിവയിലൂടെ നൽകുന്നത്. ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ, പോസ്റ്ററുകൾ, എക്സിബിഷനുകൾ, സബ് ബ്രാൻഡിംഗ്, സോഷ്യൽ മീഡിയ മെസ്സേജ് എന്നിവയും പൊതുജനങ്ങൾക്കായുള്ള ആരോഗ്യ സന്ദേശം നൽകുന്നതിന് ഉപയോഗിച്ച് വരുന്നു. കൂടാതെ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവ വഴി പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനായി വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ (WH&N) സമിതികളുടെ ആഭിമുഖ്യത്തിൽ എല്ലാ ആരോഗ്യ ദിനങ്ങളോടനുബന്ധിച്ചും സ്കൂളുകൾ, അംഗൻവാടികൾ എന്നിവ കേന്ദ്രീകരിച്ച് സന്ദേശവും ആരോഗ്യ ബോധവൽക്കരണവും നടത്തുന്നു. അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവയ്ക്ക് കീഴിലെ സബ് സെന്ററുകൾ വഴി ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്ക്, മരുന്ന് വിതരണം, ബോധവത്ക്കരണം എന്നിവ നടത്തുന്നു. |
| (ബി) | ജീവിത ശൈലി രോഗങ്ങളെ ചെറുക്കാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുന്നതിന് ആരോഗ്യ | (ബി) | ആരോഗ്യക്ഷമത കാത്തുസൂക്ഷിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആണ് |

| | | | |
|---|---|---|---|
| | കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | ആരോഗ്യവകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഓപ്പൺ ജിമ്മുകൾ പൊതുജനങ്ങൾക്കായുള്ള മാരത്തോണുകൾ, സൈക്കിളിംഗ്, മറ്റ് കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനോടൊപ്പം തന്നെ യോഗ പോലെയുള്ള വ്യയാമ മുറകൾ പരിശീലിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതികൾ വഴി നടത്ത കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ജനങ്ങളിൽ കൂടുതൽ കായികക്ഷമത വളർത്തുന്നതിന് ഹെൽത്തി ലൈഫ് എന്ന പേരിൽ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ഒരു ബൃഹത് കാമ്പയിൻ സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആലപ്പുഴ മണ്ഡലത്തിൽ ജീവിത ശൈലി രോഗ നിയന്ത്രണത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ജീവിതശൈലി രോഗ നിയന്ത്രണത്തിനായി ആര്യാട് ബ്ലോക്കിന്റെ 'ആർദ്രമീ ആര്യാട്' പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം ജീവിതശൈലി പ്രതിരോധ പ്രവർത്തനം തുടർ പദ്ധതിയായി നടത്തി വരുന്നു. മെഡിക്കൽ കോളേജിനു കീഴിലുള്ള റൂറൽ-അർബൻ ഹെൽത്ത് സെന്ററുകൾ വഴി ബോധവത്ക്കരണവും ക്യാമ്പുകളും നടത്തി വരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിക്കായി ആലപ്പുഴ മണ്ഡലത്തിൽ എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | 'ആർദ്രമീ ആര്യാട്' സമഗ്ര ആരോഗ്യ പദ്ധതിക്കായി ആര്യാട് ബ്ലോക്കിന് 2021-22 ൽ 22,07,524/- രൂപയും, 2022 -23 ൽ 17,00,000/- രൂപയും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് ജീവിതശൈലി നിയന്ത്രണ പദ്ധതിയ്ക്ക് 2021 മുതൽ 2023 വരെ ആകെ 7 ലക്ഷം രൂപയും ലഭിച്ചു. |

സെക്ഷൻ ഓഫീസർ